6. ശ്രീമതി സുനിത കുമാരി യു. പി., 12-6-1998 മുതൽ 13-7-1998 വരെ, 16-7-1998 മുതൽ 13-8-1998 വരെ 24-11-1998 മുതൽ 16-5-1999 വരെ 19-5-1999 മുതൽ തുടർച്ചയായി.

7. ശ്രീ. ഹുസൈൻ എം. എം., 1-1-2000 മുതൽ തുടർച്ചയായി.

8. ശ്രീ. രാജേഷ് പി. ആർ., 5-1-2000 മുതൽ തുടർച്ചയായി.

9. ശ്രീ. ബിനു കുമാർ ജെ. പി., 11-12-1997 മുതൽ 12-1-1999 വരെ, 18-1-1999 മുതൽ 4-5-1999 വരെ, 16-5-1999 മുതൽ 3-6-1999 വരെ 16-6-1999 മുതൽ 2-12-1999 വരെ, 3-1-2000 മുതൽ തുടർച്ചയായി.

10. ശ്രീമതി മായ ഡി., 1-9-1997 മുതൽ 4-3-1998 വരെ, 25-6-1998 മുതൽ 24-9-1998 വരെ, 7-10-1998 മുതൽ 17-10-1998 വരെ. 24-1-2000 മുതൽ തുടർച്ചയായി.

(സി) ആർ. സി. സി.-യിൽ താൽക്കാലിക അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതിനെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ ഒരു കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ട്.

പ്രൈവറ്റ് ആശുപത്രികളിലെ ജീവനക്കാരുടെ ശമ്പള പരിഷ്ക്കരണം

186 (3376) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രൈവറ്റ് ആശുപത്രികളിലെ ഡോക്ടർമാരൊഴികെയുള്ള ജീവനക്കാരുടെ ശമ്പള പരിഷ്ക്കരണത്തെപ്പറ്റി പഠിക്കാൻ കമ്മിഷനെ നിയമിച്ചിരുന്നോ ;

(ബി) കമ്മീഷൻ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ ; എങ്കിൽ എന്ന് ;

(സി) ഇതിൽമേൽ എന്തു നടപടി സ്വീകരിച്ചു ;

(ഡി) ശമ്പള പരിഷ്ക്കരണം നടപ്പാക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) നിയമിച്ചിരുന്നു.

(ബി) ഉണ്ട്. 31-12-1995-ൽ

(സി & ഡി) 1990-ൽ സ്വകാര്യ ആശുപത്രി ജീവനക്കാരുടെ മിനിമം വേതനം പുതുക്കികൊണ്ടുള്ള ജി.ഒ. (ആർ. റ്റി.) 1055/90/തൊഴിൽ തീയതി 25-4-1990-ന് എതിരെ ചില സ്വകാര്യ ആശുപത്രി ഉടമകൾ ഹൈക്കോടതിയിൽ ഫയൽ ചെയ്ത ഒ. പി. നം. 4892/90-ലെ കോടതിവിധി പുറപ്പെടുവിച്ചത് 18-6-1996-ലാണ്. കോടതി വിധിക്കു മുൻപായി മിനിമം വേതന കമ്മിറ്റി റിപ്പോർട്ട് സമർപ്പിച്ച സാഹചര്യത്തിൽ കോടതിയുടെ പരമാർശങ്ങൾ കണക്കിലെടുക്കാൻ

LIBRARY ARCHIVES Kerala Legislative Assembly

കഴിയാതെ വന്നു. അത്തരമൊരു സാഹചര്യത്തിൽ പ്രസ്തുത റിപ്പോർട്ടിന് പ്രസക്തി ഇല്ലാതാവുകയും അവരുടെ മിനിമംകൂലി നോട്ടിഫിക്കേഷൻ രീതിയിൽ പുറപ്പെടുവിക്കുവാൻ തീരുമാനിക്കുകയും ചെയ്തു. അതിനായി 10-5-1999-ലെ 19664/ഇ1/99/തൊഴിൽ നമ്പർ പ്രാഥമിക വിജ്ഞാപനം പുറപ്പെടുവിക്കുകയും അതിൻമേൽ ലഭിച്ച ആക്ഷേപങ്ങളും നിർദ്ദേശങ്ങളും മിനിമം വേതന ഉപദേശക സമിതിക്ക് അയച്ചുകൊടുത്ത് അവർ നൽകിയ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അന്തിമ വിജ്ഞാപനത്തിന്റെ കരട് ലേബർ കമ്മീഷണറോട് ആവശ്യപ്പെട്ടിരിക്കുകയാണ്. എന്നാൽ ഈ പ്രാഥമിക വിജ്ഞാപനത്തിനെതിരെ കേരളാ പ്രൈവറ്റ് ഹോസ്പിറ്റൽ അസോസിയേഷൻ ഹൈക്കോടതിയിൽ ഒ.പി. 30835/99 ഫയൽ ചെയ്യുകയും പ്രസ്തുത ഒ.പി.യിലെ തീർപ്പിന് വിധേയമായി മാത്രമേ അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കാവൂ എന്ന് കോടതി ഉത്തരവാകുകയും ചെയ്തിരിക്കുകയാണ്. ലേബർ കമ്മീഷണറുടെ അന്തിമ ഡ്രാഫ്റ്റ് നോട്ടിഫിക്കേഷൻ കിട്ടിയാലുടൻ അത് കോടതിയുത്തരവിന്റെ വ്യവസ്ഥയോടു കൂടി പ്രസിദ്ധീകരിക്കുന്നതാണ്.

ഒമ്മലയിലെ സഞ്ചരിക്കുന്ന ആശുപത്രി

187 (3377) ശ്രീ. ജോസ് ബേബി: താഴെകാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) പാലക്കാട് ജില്ലയിലെ ഒമ്മലയിലെ സഞ്ചരിക്കുന്ന ആശുപത്രി എന്നുമുതൽ പ്രവർത്തിച്ചു തുടങ്ങിയെന്ന് വ്യക്തമാക്കാമോ;

(ബി) ഈ ആശുപത്രിയിൽ ഇപ്പോൾ എത്ര ജീവനക്കാരുണ്ടെന്ന് വ്യക്തമാക്കുമോ; ഇതിന്റെ പ്രവർത്തനത്തിനാവശ്യമായ ജീവനക്കാരെ നിയമിക്കുമോ;

(സി) ആശുപത്രിയിൽ ഇപ്പോൾ എന്തെല്ലാം സൗകര്യങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; ഇതിന്റെ പ്രവർത്തനം കാര്യക്ഷമമാകുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ;

ഉത്തരം

(എ) ഒമ്മല (അഗളി) സഞ്ചരിക്കുന്ന ആശുപത്രി 1991 മുതൽ പ്രവർത്തനമാരംഭിച്ചു. ഇത് രണ്ട് യൂണിറ്റായിട്ടാണ് പ്രവർത്തിച്ചു വരുന്നത്.

(ബി) ഈ ആശുപത്രിയിൽ താഴെപ്പറയുന്ന ജീവനക്കാർ ഉണ്ട്.

അസിസ്റ്റന്റ് സർജൻ	1
ഫാർമസിസ്റ്റ്	2
നഴ്സിംഗ് അസിസ്റ്റന്റ്	1
ഡ്രൈവർ	1
വാൻ ക്ലീനർ	1

LIBRARY ARCHIVES Kerala Legislative Assembly